LIBRARY ARCHIVES Kerala Legislative Assembly

അമിനിറ്റീസ് സെന്റർ, ബസ്സ് ഷെൽട്ടർ നിർമ്മാണം

298(3185) ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകളും ആധുനിക ബസ്സ് ഷെൽട്ടറുകളും നിർമ്മിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകൾ നിർമ്മിക്കുന്നതിന് ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിലും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിലും കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. യാത്രക്കാർക്കായി വൃത്തിയും വെടിപ്പുമുള്ള ടോയ്ലെറ്റ് സൗകര്യങ്ങളോടുകൂടിയ വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുകയാണ് ആശ്വാസ് പബ്ലിക് അമിനിസ്റ്റീസിന്റെ ലക്ഷ്യം പ്രസ്തുത അമിനിറ്റീസ് കേന്ദ്രങ്ങളിൽ ടോയ്ലെറ്റ് സൗകര്യത്തിനു പുറമേ ലഘു ഭക്ഷണശാലകൾ, മെമെന്റോ ഷോപ്പുകൾ, വിശ്രമ സൗകര്യം, യാത്രികർക്കാവശ്യമായ വിവരങ്ങൾ എന്നിവ പ്രദാനം ചെയ്യാനും ഉദ്ദേശ്യമുണ്ട്. നിലവിൽ 6 പദ്ധതികൾ ഏറ്റെടുത്തു നടത്തി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ബസ് കാത്തിരിപ്പു കേന്ദ്രങ്ങൾ ഒരുക്കുകയാണ് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സിന്റെ ലക്ഷ്യം. CIAL മാതൃകയിലാണ് ബസ് ഷെൽട്ടറുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ 83 സ്ഥലങ്ങളിൽ ബസ് ഷെൽട്ടറുകൾ ഒരുക്കുന്നതിന് കരാർ വച്ചിട്ടുണ്ട്.

വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക്

299(3186) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം - കോട്ടയം എം.സി. റോഡിൽ വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷൻ ഉൾപ്പെടെ എം.സി. റോഡിന്റെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിന്റെ അപ്ഗ്രഡേഷൻ പണി 2011-ൽ പൂർത്തിയാക്കി. ഇതിൽ ഉൾപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിൽ ലഭ്യമായ സ്ഥലങ്ങൾ ഉപയോഗിച്ച് വികസനം പൂർത്തിയാക്കിയതാണ്. കൂടാതെ ശബരിമല തീർത്ഥാടന സീസൺ പ്രമാണിച്ച് വെഞ്ഞാറമൂട് ജംഗ്ഷനിലെ കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ഈ റോഡിൽ കൂടി വാഹന ഗതാഗതം വളരെയധികം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇപ്പോൾ ലോക ബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ഈ ജംഗ്ഷൻ ഉൾപ്പെടെയുള്ള കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ റോഡ് സേഫ്റ്റി കോറിഡോറായി വികസിപ്പിക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽപ്പെടുത്തി വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും, ജംഗ്ഷൻ വികസനവും, ഉപരിതലം പുതുക്കലും ചെയ്യുന്നതാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുവാനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഉടൻതന്നെ ടെണ്ടർ ചെയ്ത് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം

300(3187) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.സി.റോഡിനായി പണിയുകൊണ്ടിരിക്കുന്ന പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനു എന്ന് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി നടത്തുന്ന പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇരുവശങ്ങളിലേക്കുമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 2015 ഡിസംബർ 31-ാം തീയതിയോടുകൂടി നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.